# <u>അന്യസംസ്ഥാന തൊഴിലാളികളുടെ ഡാറ്റാ ബാങ്ക്</u>



ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ കുറ്റകൃത്യം പെരുകുന്ന സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ തൃക്കൊടിത്താനം ജനമൈത്രി പോലീസ് , സ്റ്റേഷൻ പരിധിയിൽ താമസിച്ചിരുന്ന 2600 ൽ അധികം അന്യസംസ്ഥാന തൊഴിലാളികളുടെ പൂർണ്ണവിവരങ്ങൾ അടങ്ങിയ “ഡിജിറ്റൽ ഡാറ്റാ ബാങ്ക് “ തയ്യാറാക്കിയത് ജില്ലാ പോലീസ് മേധാവി എൻ.രാമചന്ദ്രൻ IPS ഉത്ഘാടനം ചെയ്യുകയുണ്ടായി.

ഇതരസംസ്ഥാന തൊഴിലാളികളുടെ പേര്, ജനന തീയതി, വിലാസം, ജില്ല, ആധാർനമ്പർ, ഡ്രൈവിങ്ങ് ലൈസൻസ്, വിരലടയാളങ്ങൾ, രക്തഗ്രൂപ്പ്, മാതാപിതാക്കളുടെയം ഭാര്യയുടെയും മറ്റും വിവരങ്ങൾ, എന്നിവയോടൊപ്പം ചെവി, മൂക്ക്, കണ്ണ് മുതലായവ തിരിച്ചറിയത്തക്ക വിധമുള്ള ഫോട്ടോകളും ഡാറ്റാ ബാങ്കിലുണ്ട്. പുതുതായി എത്തുന്നവരുടെയും വിവരങ്ങൾ ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നതാണ്.